

# പാലോറ

ഹയർ സെക്കണ്ടറി സ്കൂൾ, ഉള്ളിയേരി


Kerala Infrastructure and Technology for Education

palorahss@gmail.com, Tel: 04952652222


Kerala Infrastructure and Technology for Education
Presents



ഓരോ മരവും കാലത്തിന്
നൽകുന്ന നന്മയാണ്
ഓരോ വിത്തും

# വിത്ത്

LITTLE KITES DIGITAL MAGAZINE

PALORA HSS, ULLIYERI

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

‘Little KITEs’ IT Clubs is an unique initiative of KITE, which feature over 1 lakh student members.

The Hi-School Kuttikootam programme, which was part of the Public Education Rejuvenation Mission of the State Government, through which students were given intense training in 5 areas such as Animation, Cyber Safety, Malayalam Computing, Hardware and Electronics, has been structurally upgraded in Student Police Cadets model, thus becoming ‘Little KITEs IT Clubs’. Little KITEs is set to become the largest Student IT Network in the Country. Hon. Chief Minister, Shri. Pinarayi Vijayan has launched this unique initiative on 22nd January 2018 at Thiruvananthapuram. In addition to the already identified 5 Core areas, more topics have been added such as Development of Mobile Apps, Programming, Robotics, E-Commerce, E-Governance, Video Documentation, Web TV etc to the activity bouquet of 'Little KITEs`.

## Objectives of Little KITES programme

1. To encourage the natural interest of students in ICT field and to create a culture for appropriate usage of technology and software.

2. To provide an opportunity for students to learn the different perspectives of ICT tools, so as to make use of them for their learning activities.

3. To ensure participation of students in the usage and

upkeeping on ICT equipments at schools, thereby increasing the productivity of the school is ICT enabled learning.

4. To empower students to undertaken minor technical issues of ICT equipments.

5. To enrich students on proper and safe internet usage and cyber security, and also to inculcate the importance of language computing.

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

LITTLE KITES DIGITAL MAGAZINE

PALORA HSS, ULLIYERI

ഓരോ മരവും കാലത്തിന്
നൽകുന്ന നന്മയാണ്
ഓരോ വിത്തും

# വിത്ത്

പൂക്കളും
സുഗന്ധവും
കായക്ളും
മധുരവും
ഇലയുടെ പച്ചയും
മരത്തിന്റെ ഉറപ്പും ആയസ്സും
ആ ചെറിയവിത്തിലുണ്ടാവും

**ഓരോ വിദ്യാലയവും
അത്തരം വിത്തുകളെ
പേറുന്നു..**

# വിത്ത്

## എഡിറ്റോറിയൽ ബോർഡ്

ഫാത്തിമ റിഷാന

ഫാത്തിമ ഫിദ

അനാമിക എസ്

അഫ്ത്താബ അലി

അക്ഷയ് അജയ്

മുഹമ്മദ് തഹ്സിൻ

അതുൽരാജ്



സമഗ്രമായ അറിവ് പൂർണ്ണവാവുമ്പോൾ
അസാദ്ധ്യം എന്നത് വെറുമൊരു വാക്ക് മാത്രമാവുന്നു
എന്ന മഹത്വചനനത്ത നെഞ്ചേറ്റി
ഈ അധ്യയനവർഷത്തെ
ലിറ്റിൽകൈറ്റ് മാഗസിൻ തയ്യാറാക്കുന്ന
പാലോറയിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്ക്
അനുഗ്രഹങ്ങൾ..ആശംസകൾ

പാലോറ
ഉള്ളിയേരി
2020 ജനുവരി 30

**കെ.കെ. സത്യേന്ദ്രൻ**
പ്രധാനാധ്യാപകൻ
പാലോറ





നേടിയ അറിവിനെ സ്ഫുടം ചെയ്തെടുക്കുന്ന
ഈ അധ്യയനവർഷത്തെ
ലിറ്റിൽകൈറ്റ് മാഗസിൻ തയ്യാറാക്കുന്ന
പാലോറയിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്ക്
അനുഗ്രഹങ്ങൾ..ആശംസകൾ

**ദിവ്യ എം**
ലിറ്റിൽ കൈറ്റ് മിസ്റ്റ്രസ്
പാലോറ

**പി.സതീഷ് കുമാർ**
ലിറ്റിൽ കൈറ്റ് മാസ്റ്റർ
പാലോറ

പാലോറ,ഉള്ളിയേരി
2020 ജനുവരി 30



കേരളത്തിലെ പൊതുവിദ്യാലയങ്ങൾ മുഴുവൻ ഡിജിറ്റിലൈസ് ചെയ്തുകൊണ്ടിരിക്കുമ്പോൾ ഉള്ളിയേരി ഗ്രാപമഞ്ചായത്തിലെ ഈ വിദ്യാലയവും ഇ കഴിഞ്ഞ വർഷം മുഴുവൻ ഡിജിറ്റിലൈസ് ചെയ്തുകഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ വർഷം വിദ്യാലയത്തിലാരംഭിച്ചിച്ച ലിറ്റിൽകൈറ്റിന്റെ നേതൃതത്ത്വത്തിൽ വിദ്യാലയ കംമ്പ്യൂട്ടർസംബന്ധമായ പഠന-പാഠ്യേതരപ്രവർത്തനങ്ങളും രക്ഷാകർത്തക്കൾക്കായി ഐ.ടി.ബോധവത്ക്കരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. അത്തരം പഠനനാനുബന്ധപ്രവർത്തങ്ങലുടെ ഭാഗമായ ഈ ഡിജിറ്റൽ മാഗസിൻ ഏവരുടെയും സമക്ഷം സമർപ്പിക്കുന്നു

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

പാലോറ ഹയർ സെക്കണ്ടറി സ്കൂൾ



# അറിവുകൾക്കായി അനുഭവങ്ങളോട് ഒരു ചോദ്യം

പാലോറ ഹയർ സെക്കണ്ടറിയിലെ ഈവർഷം നടപ്പിലാക്കിയ നൂതന പദ്ധതിയായ അറിവുകൾക്കൊപ്പം അതിഥികൾക്കൊപ്പം പാഠ്യേതരപ്രവർത്തനങ്ങളിൽ ലഭിച്ച വലിയൊരു കരുത്തായിരുന്നു പ്രസ്തുതപദ്ധതി.

ആപദ്ധതിയിലെ എറെ രസകരവും അനുഭവവിനിമയത്തിന്റെ സാദ്ധ്യതകൾ തിരിച്ചറിഞ്ഞ സെഷനായി അറിവുകൾക്കായി അനുഭവങ്ങളോട് ഒരുചോദ്യം എന്നതിന്റെ ഭാഗമായി ഇത്തവണ വിദ്യാലയത്തിലെത്തിയവരോട്, പ്രതിഭകളോട് ചേദിച്ച ചേദ്യവും ഉത്തരവും

**ഓൺലൈൻ വിദ്യാഭ്യാസ ശക്തമാകുമ്പോൾ പരമ്പരാഗത ക്ലാസ് മുറിഅധ്യാപനരീതിയുടെ പ്രസക്തിയെന്ത്?**

തന്റെ മുന്നിലിക്കുന്ന ഓരോ കുട്ടിയുടെയും ഹൃദയത്തിലേക്ക് കയറിചെല്ലനും അവന്റെ പ്രശ്നങ്ങളെ തിരിച്ചറിയാനും പ്രശ്നപരിഹാരം ഉണ്ടാക്കനും കഴിയുന്ന മെന്റേർമാരാണ് ക്ലാസ്മുറികളിലെ അധ്യാപകർ, ഓൺലൈൻ അധ്യാപകർ അറിവുനൽകുന്ന മനുഷ്യർമാത്രം. ക്ലാസ്മുറികളിൽ അറിവുനലകൽ മാത്രമല്ല അദ്യാപകന്റെ റോൾ, അതിനപ്പുറം പലതുമാണ്, ആസാധ്യതകളെ തിരിച്ചറിയേണ്ടതുണ്ട്

**യൂ.കെ.നാസർ**
**സീനിർ ലക്ച്ചറർ, കോഴിക്കോട് ഡയറ്റ്**
**എഡ്യൂകെയർ കോഴിക്കോട് ജില്ലാ കോ-ഓർഡിനേറ്റർ**



## അറിവുകൾക്കായി അനുഭവങ്ങളോട് ഒരു ചോദ്യം

ഈ ഗ്രാമവിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥി എന്ന നിലയിൽ

ഞങ്ങൾക്ക് നൽകാനുള്ള ഉപദേശം

ഗ്രാമത്തിലെ കുട്ടികൾ എന്ന അപകർഷതാബോധം ആദ്യം
ദൂരെ കലയുക, ലോകാരധ്യനായ അബ്ദുൾ കലാം,
നമ്മുടെ ഇപ്പഴത്തെ പ്രസിണ്ടണ്ട്, പ്രഥാനമന്ത്രി പല സയന്റിസ്റ്റുകളും
കലാകാരൻമാരും ഗ്രാമത്തിൽ നിന്നാണ് ഉയർന്നു വന്നത്.

ഒരു ബലൂണിന്റെ നിമല്ല അതിനെ ഉയരങ്ങലേക്ക് കൊണ്ടുപോകുന്നത്,
അതിന്റെ ഉള്ളിൽ നിറഞ്ഞ വാതകം ആണ്. വലിയ സ്പനങ്ങൾ കാണുക,
മനസ്സിൽ പോസറ്റിവിറ്റി നിറക്കുക ...ഉയരുക തന്നെ ചെയ്യും
നിങ്ങൽ ഈ നാടിന്റെയും എന്റെയു പ്രാർത്ഥനകൾ കൂടെ ഉണ്ട്

**ഗിരീഷ് ദാമോദർ**

**സിനിമാ സംവിധായകൻ**



എന്തുകാണ്ട് വലിയപദവികളും വേതനവും
തേടി വിദേശത്തേക്ക് പോകുന്നില്ല ?

ഞാൻ പഠിച്ചതത്രയും സർക്കാർ ചിലവിലാണ്. അതയാത് എന്നെ പഠിപ്പിച്ചത്
ഈ നാട്ടിലെ കർഷകരും കൂലിപണിക്കാരും മത്സയൊഴിലാളികളും കൊടുക്കുന്ന
നികുതിപണം കൊണ്ടാണ്.

അങ്ങിനെ അറിവ് നേടി ഞാൻ അവരെ സേവിക്കാതെ ഇന്നലെകളെ മറന്ന്
എന്റെ സുഖസൗകര്യനോക്കി പേകുന്നെങ്കിൽ ഞനൊരു രാജ്യദ്രോഹിയാവില്ലെ..

പാവപ്പട്ടവന്റെ വേദനകളെ കണ്ടും അറിഞ്ഞും വളർന്ന
ഒരു സാധാരണക്കാരനാണ് ഞാൻ,
പണം ഉണ്ടാക്കനല്ല എന്നെ എന്റെ രക്ഷിതാക്കൾ എന്നെ പഠിപ്പിച്ചത്.

## ഡോ.അനൂപ് കുമാർ

**നിപ ഭീഷണികാലഘട്ടത്തിൽ**
**നാടിനെ ചേർത്തുപിടിച്ച പ്രശസ്ത ഡോക്റ്റർ**



പെണ്ണെഴുത്ത്- ആണ്ണെഴുത്ത്

എന്നിങ്ങിനെ തരം തിരിക്കേണ്ടതുണ്ടോ?

അനുഭവങ്ങളെ അക്ഷരങ്ങളാക്കി മാറ്റുന്നതാണ് എഴുത്ത്,
ആണിന്റെയും പെണ്ണിന്റെയും ്അനുഭവങ്ങൾ വ്യത്യ്സ്തങ്ങളാണ്.

സൂര്യനനസ്തമിച്ചാൽ പെണ്ണ് വീടകം പൂകണം എന്ന ചിന്തിക്കുന്ന
നവോത്ഥാനകാലങ്ങട്ടത്തിൽ പെണ്ണ്നെ തിരിച്ചറിയാൻ, പെണ്ണ്ിന്റെ
ആകുലതകളെ തൊട്ടറിയാൻ ഒരാണിന് കഴിയും എന്ന് തോന്നുന്നില്ല.

അതുകൊണ്ടാണ് പെണ്ണെഴുത്തുകൾ അനിവാര്യാമവുന്നത്.

**ദീപ.പി. നമ്പൂതിരി**
**2019 നന്തനാർ അവാർഡ് നേടിയ എഴുത്തുകാരി**



ഞങ്ങൾക്കും അങ്ങയെപോലെ
സയന്റിസ്റ്റ് ഒക്കെ ആവാൻ കഴിയുമോ?

ഇച്ഛാശക്തിയാണ് നിങ്ങളെ സൃഷ്ടിക്കുന്നത്.
അബ്ദുൾ കലാ് സാർ പറഞ്ഞത് പോലെ പരിമിതമായ സ്വപ്നം പാപമാണ്.
വലിയ സ്വപനങ്ങൾ കാണുക. സപ്നപൂർത്തികരണം വരേ ഉറങ്ങാതിരിക്കുക.

പൊടിപിടിച്ച ഒടിഞ്ഞ ബെഞ്ചുകളുള്ള പേരാമ്പ്ര വാല്യേക്കട് സ്കൂളും
പേരാമ്പ്ര സ്കുളും പഠിച്ച എനിക്ക് ഇവിടെ എത്താൻ കഴിഞ്ഞെങ്കിൽ
തീർച്ചയായും നിങ്ങൾക്കു ഇത് സാദ്ധ്യമാണ്.

## സാജു കൽപ്പത്തൂർ
**ഐ.എസ്.ആർ ഒ സയന്റിസ്റ്റ്**




വോളിബോളിൽ ഭാരതത്തിന്റെ പ്രീതീക്ഷകളെത്ര ?

എന്നും കേരളമാണ് ഇന്ത്യൻ വോളിയുടെ പ്രതീക്ഷ
ജിമ്മി മുതൽ ഇങ്ങോട്ട് നിങ്ങളുടെ നാട്ടുകാരിയായ സ്നേഹ വരേ
ആ പരമ്പര തുടരുന്നുണ്ട്. ഈ പാലോറമലയിൽ നിന്നും
സ്കോർലൈൻ വോളി അക്കദാമിയിലൂടെ ഇന്ത്യൻ ജേഴ്സി
അണിയുന്ന ആളുകളുണ്ടാവുന്ന കാലം അതിവിദൂരമല്ല

**രതീഷ് മൂലാട്**

ഇന്ത്യൻ വോളി താരം.
ഇന്ത്യൻ വോളി പ്രീമിയർ ലീഗിലെ ഏറ്റവും വീലകുടിയതാരം



77 ാം വയസ്സിലും കളരി പഠിപ്പിക്കുന്നുവോ ?

താത്പര്യത്തോടെ എന്തു ചെയ്താലും മടുക്കില്ല
അത് വ്ല്ലാത്ത ഒരു അവേശമാണ് ജീവിതത്തിന് തരിക.

പിന്നെ ഒരു നല്ലൊരു കാര്യത്തിന് തീരുമാനം എടുത്താൽ
എന്ത് പ്രതിസന്ധി വന്നാലും പിന്നോട്ട് പോകരുത്...
അത് നിങ്ങളീ വീടിനന്റെ കാര്യത്തിൽ കാണിച്ച മനോഭാവം
എന്നും കാത്തുസൂക്ഷിക്കുക

**പത്മശ്രീ മീനാക്ഷി അമ്മ ഗരുക്കൾ**



# രാത്രി

സൂര്യാംശദീപ്തിയിൽ മുങ്ങിക്കുളിച്ചൊരാ
പുലർകാലമേ നീ എൻ
ജനലഴിപ്പാളികൾ തള്ളിത്തുറന്നതെന്തിനോ...
എരിഞ്ഞുതീർന്നൊരെൻ ജീവനിൽ തിരിനാള
മൂതിക്കെടുത്താനോ...
എരിയാതെ ബാക്കിവെച്ചൊരെൻ സ്വപ്നങ്ങളെല്ലാം
തല്ലിത്തകർക്കാനോ...

രാത്രിതൻ നിദ്രയിലഭയം തേടുന്നുഞാൻ.
ഭയമാണെനിക്കിന്നു സൂര്യനും പുലരിയും.
അന്ധകാരത്തേക്കാൾ ഭയാനകം നിൻ
ദീപ്തിയും ശോഭയും.

ചില്ലുറാന്തൽ വിളക്കുപോൽ
ശോഭിച്ചീടാൻ കൊതിച്ചു ഞാൻ.
വരുംകാലമെങ്കിലും നിൻ
ദീപ്തിയിലലിയാൻ കൊതിച്ചു ഞാൻ.

മിയാലക്ഷ്മി
8 തരം സി





സ്നേഹത്തണൽ
ഉറവ വറ്റാത്ത നന്മക്കൊപ്പം പാലോറ

just....

# 370 DAYS

സ്നേഹക്ക് ഇനി
പാലോറയൊരുക്കിയ
സ്നേഹവീടിന്റ
തണൽ












ഉള്ളിയേരി പാലോറ ഹയർസെക്കൻഡറിസ്ക്കൂൾ ഹൈസ്ക്കുൾ തല സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് നേതൃത്വതിൽ വിദ്യാലയത്തിലെ ഭിന്നശേഷി വിദ്യാർഥിനിയായ ഉള്ളിയേരി 19 കേളോത്ത് സ്നേഹക്ക് വേണ്ടിയാണ് കഴിഞ്ഞ 9 മാസത്തെ പരിശ്രമം കൊണ്ടാണ് സ്നേഹത്തണൽ എന്ന പേരിൽ വീട് നിർമിച്ചു നൽകിയത്. കഴിഞ്ഞ വേനലവധിക്കാലത്ത് പ്രവർത്തനം ആരംഭിച്ച വീടിന്റെ നിർമാണം പ്രവർത്തനം വർഷാവസാനത്തോട പൂർത്തീകരിക്കുന്നതിനായി വിദ്യാലയത്തിലെ 2002 ലെ പൂർവ വിദ്യാർഥി കൂട്ടായ്മയും ബാലുശ്ശേരി ഉപജില്ലയിലെ 23 പൊതുവിദ്യാലങ്ങളിലെ വിദ്യാർഥികൾ സമാഹരിച്ച തുകയും പ്രവാസികളുടെയും നാട്ടുകാരുടെയും അകമഴിഞ്ഞ പിന്തുണയിലാണ് അഞ്ചുലക്ഷത്തോളം രൂപ ചെലവിൽ വീട് നിർമിച്ച് നൽകിയത്. കഴിഞ്ഞ 12 വർഷമായി സ്നേഹയുടെ കുടും ഓല ഷെഡിൽ താമസിച്ചുവരികയായിയായിരുന്നു . ഇവരുടെ അവസ്ഥ കണ്ടറിഞ്ഞ സ്കൗട്ട്സ് ആൻഡ് ഗൈഡ്സി വിദ്യാർഥികൾ വാട്ട്സ് ഗ്രൂപ്പ് രൂപീകരിച്ച് വീട് നിർമാണത്തിന് നേതൃത്വപരമായ പങ്കുവഹിക്കുകയായിരുന്നു.



സാമുഹ്യ നിർമ്മിതിയാവണം വിദ്യാഭ്യാസ ആർ ജവത്തിലൂടെ ലക്ഷ്യമിടേണ്ടത് എന്ന ഗാന്ധിയൻ സങ്കൽപ്പങ്ങളുടെ പൂർത്തികരണ ചിന്തക്കൊപ്പം നടന്നപ്പോൾ ഞങ്ങൾക്ക് കിട്ടിയ പിന്തുണ വളരെ വലുതായിരുന്നു.

ഒരു പൊതു വിദ്യാലയം വിദ്യാർത്ഥിക്കായി ഒരു വീടൊരുക്കാൻ പരിശ്രമിച്ചപ്പോൾ സമീപ പ്രദേശത്തെ 23 വിദ്യാലയങ്ങൾ പൊതുനന്മക്കായി പൊതു വിദ്യാലയ സൗഹൃദം എന്ന പേരിൽ ഒരു കുടക്കീഴിൽ ഒത്തുചേർന്നത് പൊതുവിദ്യാലയ സംരക്ഷണ കാലഘട്ടത്തിൽ കളില്ലാത്ത നന്മയുള്ള കാഴ്ചയാണ്. ചേർന്നു നടക്കുന്നവന്റെ ദു:ഖത്തെ തിരിച്ചറിഞ്ഞ് പഠനപ്രവർത്തനത്തിനൊപ്പം സാമൂഹ്യ സേവനവും ഒരുമിച്ച് കൊണ്ടു പോകുന്ന സ്റ്റുഡൻസ് പോലീസ് കാഡറ്റ്, എൻ.സി.സി, ജെ ആർ സി, എന്നിവക്കൊപ്പം പ്രവർത്തിക്കുന്ന സ്കൗട്ട് പ്രസ്ഥാനത്തിനും കേരളം നൽകുന്ന പിന്തുണ അഭിനന്ദനാർഹമാണ്








പാലോറ ഹൈസ്ക്കൂളിൽ നടന്ന ചടങ്ങിൽ പത്മശ്രീ മീനാക്ഷി അമ്മ ഗുരുക്കൾ സ്നേഹയുടെ അമ്മ പ്രസന്നക്ക് വീടിന്റെ താക്കോൽ ദാനം നടത്തി. തികച്ചു ം മാതൃകാപരമായി പ്രവർത്തനമാണ് ഇതെന്ന് അവർ പറഞ്ഞു. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷാജു ചെറുക്കാവിൽ അധ്യക്ഷത വഹിച്ചു. സാമൂഹ്യമാധ്യമപ്രവർത്തനത്തിന് രാധാകൃഷ്ണൻ ഒള്ളൂരിനെ ചടങ്ങിൽ മീനാക്ഷി അമ്മ ഉപഹാരം നൽകി ആദരിച്ചു. മീനാക്ഷി അമ്മയ്ക്കുള്ള ഉപഹാരം ഹയർസെക്കന്ററി പ്രിൻസിപ്പൽ ടിപി ദിനേശൻ കൈമാറി. പിടിഎ പ്രസഡിന്റ് ഷാജി പാറക്കൽ, വാർഡ് അംഗം കെ.അനിത, പ്രധാനാധ്യപകൻ കെകെ സത്യേന്ദ്രൻ, സ്ക്കൂൾ സ്കൗട്ട് അധ്യാപകൻ പി.സതീഷ്കുമാർ, സ്കൗട്ട് എഎസ്ഒസി പ്രശാന്ത്, താമരശ്ശേരി വിദ്യാഭ്യാസ ജില്ലസെക്രട്ടറി ടി.ഫിലിപ്പ് , ജില്ല ട്രെയിനിങ്ങ് കമ്മീഷണർ ഉണ്ണിക്ക്യഷ്ണൻ നമ്പൂതിരി, കോമച്ചംകണ്ടി അബു, വി.ടി. അനുപമ, സിഎം സന്തോഷ്, കെ.ജ്യോതിലക്ഷ്മി സംസാരിച്ചു. സംസ്ഥാന അംഗീകാരമായ രാജ്യപുരസ്ക്കാർ നേടിയ് സ്ക്കൂളിലെ 47 കഡറ്റുകളെ ചടങ്ങിൽ അനുമോദിച്ചു









നൈപുണിവികസനവും
പ്രതിസന്ധികളെ അതിജീവിക്കാനുള്ള
മാനസീക കരുത്തും നേടി
പാലോറയുടെ യാത്ര തുടരുകയാണ്

# നന്ദി